പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4791 — 05.02.2014 ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിൽ വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം

**ചോദ്യം**

ശ്രീ. എം. ഹംസ

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) വരൾച്ചമൂലം കൃഷി നശിച്ചതിന് നഷ്ടപരിഹാരത്തിനായി പാലക്കാട് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്രയെണ്ണം തീർപ്പുകല്പിച്ചു; എത്രയെണ്ണം നിരസിച്ചു; എത്രയെണ്ണത്തിൽ തീർപ്പുകല്പിക്കാനുണ്ട്; വിശദാംശം അസംബ്ലി മണ്ഡലാടിസ്ഥാനത്തിൽ നൽകാമോ;

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 9574 കർഷകരുടെ കൃഷി നാശത്തിന് നഷ്ടപരിഹാരം അനുവദിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുളളതിൽ 8117 കർഷകർക്ക് അർഹമായ ആനുകൂല്യം അനുവദിച്ചു. 1457 കർഷകർക്കു കൂടി ആനുകൂല്യം അനുവദിക്കാനുണ്ട്. ഒരു അപേക്ഷയും നിരസിച്ചിട്ടില്ല. അസംബ്ലി മണ്ഡലാടിസ്ഥാനത്തിലുളള വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

ആനുകൂല്യം അനുവദിച്ചത്

| | | |
|---|---|---|
| 1 | ഷൊർണ്ണൂർ | 60 |
| 2 | മണ്ണാർക്കാട് | 2 |
| 3 | മലമ്പുഴ | 117 |
| 4 | പാലക്കാട് | 121 |
| 5 | തരൂർ | 414 |
| 6 | ചിറ്റൂർ | 1499 |
| 7 | നെന്മാറ | 4459 |
| 8 | ആലത്തൂർ | 1353 |
| 9 | ഒറ്റപ്പാലം | 92 |
| | ആകെ | 8117 |

ആനുകൂല്യം അനുവദിക്കാനുളളത്

| | | |
|---|---|---|
| 1 | ചിറ്റൂർ | 899 |
| 2 | തരൂർ | 18 |
| 3 | നെന്മാറ | 540 |
| | ആകെ | 1457 |

| | | | |
|---|---|---|---|
| (ബി) | വിള ഇൻഷ്വറൻസ് ചെയ്ത കർഷകർക്ക് വിളനഷ്ടം ഉണ്ടായപ്പോൾ നഷ്ട പരിഹാരം ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ലഭ്യമാക്കി നൽകുന്നതിൽ കാലതാമസം ഉണ്ടായി എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇൻഷ്വറൻസ് തുക അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രീമിയം വിഹിതം ലഭ്യമായതിനുശേഷം മാത്രമേ വിളനാശം സംഭവിച്ച കർഷകർക്ക് അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നഷ്ടപരിഹാരം ലഭ്യമാക്കുകയുള്ളു. കർഷകരുടെ വിഹിതമായ പ്രീമിയം അടച്ചതിനു ശേഷം മാത്രമേ ആനുപാതികമായി വരുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രീമിയം വിഹിതം അടയ്ക്കുവാൻ കഴിയുകയുള്ളു. ആയതിനനുസരിച്ച് ഫണ്ട് ലഭ്യമാക്കുന്ന കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്. |
| (സി) | വിള ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ കുടിശ്ശിക ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (സി) | 2012-13 ലെ വരൾച്ച മൂലമുണ്ടായ കൃഷിനാശത്തിന് വിള ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനായി അപേക്ഷകളൊന്നും കുടിശ്ശിക ഇല്ല. |

സെക്ഷൻ ഓഫീസർ